**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6536.** **03.04.2018 ൽ മറുപടിയ്ക്ക്**

## ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യഷാപ്പുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.അനിൽ അക്കര<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ<br>ശ്രീ.ഹൈബി ഈഡൻ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ദേശീയ സംസ്ഥാന പാതയോരങ്ങളിൽ നിന്ന് 500 മീറ്റർ ദൂരപരിധിയിലുള്ള മദ്യഷാപ്പുകൾ പൂട്ടണമെന്ന സുപ്രീംകോടതിയുടെ വിധിയിൽ നിന്നും സംസ്ഥാനത്തെ പഞ്ചായത്തുകളെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ സുപ്രീംകോടതിയെ സമീപിച്ചിരുന്നോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. എന്നാൽ സി.എ.നം. 12164-12166/16 കേസിന്മേലുള്ള എം.എ.നം.690-692/2017 ആസ്സാം ഗവൺമെന്റിന്റെ അപേക്ഷയിൽ ബഹു.സുപ്രീംകോടതി കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളോട് സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. |
| (ബി) | പാതയോര മദ്യ നിരോധനം വിനോദ സഞ്ചാര മേഖലയെ ബാധിച്ചുവെന്നും പ്രസ്തുത മേഖല പ്രതിസന്ധിയിലാണെന്നും സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ പ്രസ്താവിച്ചിരുന്നോ; | (ബി) യും (സി) യും | മിക്ക വിനോദ സഞ്ചാരമേഖലകളും പഞ്ചായത്ത് പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നതിനാൽ ഈ പ്രദേശങ്ങളിലെ മദ്യശാലാ നിരോധനം തൊഴിലിനെയും വരുമാനത്തേയും ബാധിച്ചുവെന്ന കാര്യം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതിനാധാരമായ വസ്തുതകൾ വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**